**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **07-10-2025 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് (സി . പി . പി . എം. ) ദ്വിവൽസര കോഴ്സിന്റെ അടുത്ത ബാച്ച് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ CPPM (Certificate Programme in Precision Mechinist) കോഴ്സിന്റെ എട്ടാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി കോളേജിൽ ഏഴ് ബാച്ചുകൾ വിജയകരമായി പരിശീലനം പൂർത്തിയാക്കിയതായും, ടി കോഴ്സ് പട്ടികജാതി യുവതി, യുവാക്കൾക്ക് ജോലി സാധ്യത ഉറപ്പാക്കുന്ന കോഴ്സ് ആണെന്നുള്ള പാലക്കാട് ഡി.ഡി.ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നതിനായി NTTF സമർപ്പിച്ച പ്രൊപ്പോസലാണ് ഭരണാനുമതിയ്ക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രോസലിൻമേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള പുതിയ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി കണക്ഷൻ, മെഷീൻസ് റിപ്പയർ, പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് മെഷീനുകൾ മാറ്റി സ്ഥാപിക്കുക എന്നീ വർക്കുകൾ പൂർത്തീകരിച്ചതിന് ശേഷം എട്ടാം ബാച്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ